# ഫിത്വർ സകാത്ത്

**[ Malayalam ]**

# زكاة الفطر

**[ باللغة مليالم ]**


മുഹമ്മദ് സ്വാദിഖ് മദീനി

محمد صادق مديني

القسم المليباري بشعبة نوعية الجاليات بالدمام

എഡിറ്റർ: സുഫ്യാൻ അബ്ദുസ്സലാം

مراجعة : سفيان عبد السلام



**ISLAMIC DA'WAH & GUIDANCE CENTER- DAMMAM- KSA**
**8272772, 8054445 www.islamwhy.com**

***1-ഫിത്വർ സകാത്ത് കൊണ്ടുള്ള വിവക്ഷ എന്ത്?***

റമളാനിന്റെ അവസാനത്തോട് കൂടി ഒരാൾക്ക് ഒരു സ്വാഅ് എന്ന തോതിൽ പാവപെട്ടവർക്കായി ഒരു വിശ്വാസി വിതരണം ചെയ്യുന്ന ഭക്ഷണത്തിനാണ് ഫിത്വർ സകാത്ത (സകാത്തുൽ ഫിത്വർ) എന്നു പറയുന്നത്.

***2-ഫിത്വർ സകാത്ത് ആർക്കാണ് നിർബന്ധം?***

എല്ലാ മുസ്ലിംകൾക്കും നിർബന്ധമാണ്. തന്റേയും തന്റെ ചിലവിന് കീഴിൽ ജീവിക്കുന്നവരുടേയും സകാത്തുൽ ഫിത്വർ ഒരു വിശ്വാസി നൽകൽ നിർബന്ധമാണ്.

അബ്ദുല്ലാഹിബ്നുന ഉമർﷺ പറഞ്ഞു: മുസ്ലിംകളിൽപെട്ട സ്വതന്ത്രൻ, അടിമ, സ്ത്രീ, പുരുഷൻ, ചെറിയവൻ, വലിയവൻ എന്നിവരുടെ മേൽ ഒരു സ്വാഅ് കാരക്ക അല്ലെങ്കിൽ ഒരു സ്വാഅ് ബാർലി എന്നതോതിൽ നബിﷺ ഫിത്വർ സകാത്ത് നിർബന്ധമാക്കി. (ബുഖാരി, മുസ്ലിം)

റമളാനിന്റെ അവസാനദിവസം സൂര്യൻ അസ്തമിക്കുമ്പോൾ ജീവിച്ചിരിക്കുന്നവർക്കാണ് ഇത് നിർബന്ധം. അതിനാൽ ഗർഭസ്ത ശിശുവിന് സകാത്തുൽ ഫിത്വർ നിർബന്ധമില്ല. അതുപോലെ അസ്തമയത്തിന് മുമ്പ് മരണപെട്ടവർ, അസ്തമയത്തിന് ശേഷം പിറന്ന കുഞ്ഞ് എന്നിവരുടെമേലും നിർബന്ധമില്ല.

***3- സകാത്തുൽ ഫിത്വറിലെ യുക്തിയെന്താണ്?***

പെരുന്നാൾ ദിവസം ദരിദ്രർ യാചിക്കാതെ തന്നെ സന്തോഷത്തിലും ആനന്ദത്തിലും സമ്പന്നരോടെപ്പം പങ്കെടുക്കേണ്ടതുണ്ട്. അതിനാൽ ദരിദ്രരോടുള്ള അനുകമ്പയാണ് സകാത്തുൽ ഫിത്വർ. നോമ്പിൽ സംഭവിച്ചിരിക്കുന്ന ന്യൂനതകൾ ഇവ മൂലം പരിഹരിക്കപെടുന്നു. പിശുക്ക് പോലുള്ള മാനസിക ദുർഗുണങ്ങളെ അത് ഇല്ലാതാക്കുന്നു. റമളാനിലെ നോമ്പ് പരിപൂർണ്ണമാക്കുവാനും രാത്രി നമസ്കാരങ്ങളും മറ്റു സൽകർമ്മങ്ങളും ചെയ്യുവാനും അല്ലാഹു അനുഗ്രഹിച്ചതിനാൽ അല്ലാഹുവോടുള്ള ഒരു നന്ദിപ്രകടനവുമാണിത്. മുസ്ലിം സമൂഹത്തിനിടയിൽ ഇതു മൂലം ഐക്യവും സ്നേഹവും ഉടലെടുക്കുന്നു.

ഇബ്നുഅബ്ബാസ്ﷺപറഞ്ഞു: ദരിദ്രനുള്ള ഭക്ഷണമായും അശ്ലീല, വ്യർത്ഥ സംസാരങ്ങളിൽ നിന്ന് നോമ്പുകാരനെ ശുദ്ധീകരിക്കുന്നതിനും വേണ്ടി റസൂൽﷺ സകാത്തുൽ ഫിത്വർ നിർബന്ധമാക്കി. ആരെങ്കിലും പെരുന്നാൾ നമസ്കാരത്തിന് മുമ്പ് അത് നിർവഹിച്ചാൽ അത് സ്വീകാര്യയോഗ്യമായ സകാത്താകുന്നു. പെരുന്നാൾ നമസ്കാരത്തിന് ശേഷമാണ് അത് നൽകുന്നതെങ്കിൽ കേവലം ഒരു ധർമം മാത്രമാകുന്നു. (അബൂദാവൂദ്, ഇബ്നുമാജ)

***4-ഫിത്വർ സകാത്തായി എന്താണ് നൽകേണ്ടത് ? എത്ര ?***

സാധാരണയായി മനുഷ്യർ ഭക്ഷിക്കുന്ന ആഹാര വസ്തുക്കളാണ് സകാത്തുൽ ഫത്വ്റായി നൽകേണ്ടത്.

അബൂസഈദിൽ ഖുദ്രിﷺ പറഞ്ഞു: ഞങ്ങൾ നബിﷺ യുടെ കാലത്ത് ഒരു സ്വാഅ് ഭക്ഷണമാണ് സകാത്തുൽ ഫിത്വ്റായി നൽകിയിരുന്നത്. ഞങ്ങളുടെ ഭക്ഷണം ബാർലി, ഉണക്കമുന്തിരി, കാരക്ക, പാൽക്കട്ടി എന്നിവയായിരുന്നു. (ബുഖാരി)

പെരുന്നാൾ ദിവസത്തെ ചിലവുകഴിച്ച് മിച്ചമുള്ള ആളുകളാണ് ഇത് നിർവ്വഹിക്കേണ്ടത്. ഒരാൾക്ക് ഒരു സ്വാഅ് എന്ന തോതിലാണ് സകാത്തുൽ ഫിത്വർ നൽകേണ്ടത്. ഒരു സാധാരണക്കാരൻ ഇരുകൈകൾ കൊണ്ടും നാല് പ്രാവശ്യം കോരിയാൽ കിട്ടുന്നതാണ് ഒരു സ്വാഅ്. അരിയാണെങ്കിൽ ഏകദേശം രണ്ടര കിലോ ആയിരിക്കും.

## *5- സകാത്തുൽ ഫിത്വർ വിതരണം ചെയ്യേണ്ട സമയം എപ്പോഴാണ്?*

ശ്രേഷ്ഠമായ സമയം, അനുവദനീയമായ സമയം എന്നീ രണ്ട് സമയങ്ങൾ ഉണ്ട്. റമളാനിന്റെ അവസാന ദിവസം സൂര്യൻ അസ്തമിച്ചത് മുതൽ പെരുന്നാൾ നമസ്കാരം വരെയാണ് ഉത്തമമായ സമയം. ഇബ്നു ഉമറിൽ(റ) നിന്നും മുസ്ലിം ഉദ്ധരക്കുന്ന ഹദീസിൽ ജനങ്ങൾ നമസ്കാരത്തിന് പോകുന്നതിന് മുമ്പായി സകാത്തുൽ ഫിത്വർ വിതരണം ചെയ്യാൻ നബി(ﷺ) കൽപ്പിച്ചതായി കാണാം. പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് വിതരണം ചെയ്യുന്നതാണ് അനുവദനീയമായ സമയം. ഇബ്നു ഉമർ(റ) പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പുതന്നെ വിതരണം ചെയ്തിരുന്നുവെന്ന് സ്വഹീഹുൽ ബുഖാരിയിൽ കാണാം. പെരുന്നാൾ നമസ്കാരശേഷം വിതരണം ചെയ്താൽ അത് സ്വീകാര്യയോഗ്യമാവില്ല. മുമ്പ് സൂചിപ്പിച്ച ഇബ്നുഅബ്ബാസ്(റ) വിന്റെ ഹദീസിൽ ആ കാര്യം വ്യക്തമാണ്.

## *6- സകാത്തുൽ ഫിത്വർ ആർക്കാണ് നൽകേണ്ടത്?*

പാവപെട്ടവരാണ് അതിന്റെ അവകാശികൾ. നോമ്പുകാരന്റെ ശുദ്ധീകരണത്തിനും പാവപെട്ടവന്റെ ഭക്ഷണവുമായിട്ടാണ് റസൂൽ(ﷺ) സകാത്തുൽ ഫിത്വർ നിർബന്ധമാക്കിയത്. ഒരാൾക്ക് ഒരു നിശ്ചിത വിഹിതം മാത്രമേ നൽകാവൂ എന്ന് പറയാൻ തെളിവില്ല.

## *7- സകാത്തുൽ ഫിത്വർ പണമായി വിതരണം ചെയ്യാമോ ?*

അനുവദനീയമല്ല, കാരണം അത് പ്രവാചകൻ പയുടെ കൽപ്പനക്കും സ്വഹാബിമാരുടെ ചര്യക്കും വിപരീതവുമാണ്. നബി(ﷺ) യുടേയും സ്വഹാബത്തിന്റേയും കാലത്ത് നാണയങ്ങൾ നിലവിലുണ്ടായിരുന്ന എന്നിട്ടും അവർ ഭക്ഷണസാധനങ്ങളാണ് സകാത്തുൽ ഫിത്വറായി നൽകിയിരുന്നത്. എന്നാൽ പ്രവാചക കൽപ്പനകൾക്കനുസരിച്ച് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നവർ ഉണ്ടെങ്കിൽ നമ്മുടെ സകാത്തുൽ ഫിത്വറിന്റെ തുക അവരെ ഏൽപ്പിക്കാവുന്നതാണ്.

## *8-സകാത്തുൽ ഫിത്വർ എവിടെയാണ് വിതരണം ചെയ്യേണ്ടത്?*

സകാത്തുൽ ഫിത്വർ കൊടുക്കുന്നവൻ എവിടെയാണ് താമസിക്കുന്നത് ആ നാട്ടിലുള്ള ദരിദ്രർക്കാണ് നൽകേണ്ടത്. മറ്റ് സ്ഥലങ്ങളിലേക്ക് അത് നൽകിയാൽ നിശ്ചിത സമയത്ത് നിർവഹിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. നബി(ﷺ) യുടേയോ ഖുലഫാഉ റാഷിദീങ്ങളുടേയോ കാലത്ത് മദീനയിൽ നിന്ന് മറ്റേതെങ്കിലും സ്ഥലത്തേക്ക് സകാത്തുൽ ഫിത്വർ അയച്ചുകൊടുത്തതായി അറിയില്ല